I ഇ.ബി. XV - കേരള നിയമസഭ/I-12

# പതിനഞ്ചാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം
## (ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജൂൺ 10, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തരസമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

**I. തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 1419-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 1419-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II. അടിയന്തരപ്രമേയം

വിദൂര വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അംഗീകാരം

മി. സ്പീക്കർ: ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് കോഴ്സുകൾ നടത്താൻ യു.ജി.സി.-യുടെ വിദൂര വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അംഗീകാരം ലഭിക്കാത്തതുമൂലം ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കാത്ത സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി യു.ജി.സി.-യുടെ വിദൂര വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അംഗീകാരം നേടുകയും രാജ്യത്തെ സർവ്വകലാശാലകളുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഇരുപത് ബിരുദ കോഴ്സുകളും ഏഴ് ബിരുദാനന്തര ബിരുദ കോഴ്സുകളുമാണ് ആരംഭിക്കുന്നതെങ്കിലും ഭാവിയിൽ ഭാഷാ മാനവീയ വിഷയങ്ങളിലും സയൻസ് വിഷയങ്ങളിലുമുള്ള വിവിധ കോഴ്സുകൾ ആരംഭിക്കുന്നതാണ്. 300-ഓളം കോളേജ് അദ്ധ്യാപകർ പങ്കെടുത്ത വർക്ക്ഷോപ്പിലൂടെയാണ് ബിരുദ കോഴ്സുകളുടെ കരിക്കുലവും സിലബസും

തയ്യാറാക്കിയിട്ടുള്ളത്. ഗുണമേന്മയുള്ള വിദൂര വിദ്യാഭ്യാസം ഉറപ്പുവരുത്താൻ സർവ്വകലാശാല വികസിപ്പിച്ച രൂപരേഖയുടെ അടിസ്ഥാനത്തിലുള്ള സ്വയംപഠന വസ്തുക്കളുടെ നിർമ്മാണം പൂർത്തിയായി വരികയാണ്. സാമ്പ്രദായിക വിദ്യാഭ്യാസവും ഓൺലൈൻ രീതിയും സംയോജിപ്പിച്ചുകൊണ്ടുള്ള മാതൃകയാണ് സർവ്വകലാശാല പിന്തുടരാൻ ഉദ്ദേശിക്കുന്നത്. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ പോർട്ടൽ തുറക്കുന്ന മുറയ്ക്ക് കോഴ്സുകളുടെ കരിക്കുലവും സിലബസും പ്രോഗ്രാം പ്രോജക്ട് റിപ്പോർട്ടുകളും സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കി അഡ്മിഷൻ ആരംഭിക്കുന്നതാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: വിദൂര വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അംഗീകാരമില്ലാത്തതിനാൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഈ വർഷം പ്രവേശനം നടത്താനാകില്ല. നൂതന കോഴ്സുകൾക്കുള്ള പ്രാഥമികസൗകര്യങ്ങൾപോലും സർവ്വകലാശാലയ്ക്കില്ല. കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം ലഭിച്ചശേഷമേ യൂണിവേഴ്സിറ്റി പ്രവർത്തനം ആരംഭിക്കാൻ പാടുള്ളൂവെന്ന സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് നിരസിച്ചാണ് തുടർനടപടികളുമായി സർക്കാർ മുന്നോട്ട് പോകുന്നത്. റെഗുലർ കോളേജിൽ പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾ അഫിലിയേറ്റഡ് കോളേജുകളിൽ സമാന്തരപഠനം തുടരാൻ താല്പര്യപ്പെടുന്ന സാഹചര്യം പരിഗണിച്ച് സംസ്ഥാനത്തെ അഫിലിയേറ്റഡ് സർവ്വകലാശാലകൾക്ക് സമാന്തര വിദ്യാഭ്യാസവും വിദൂര

വിദ്യാഭ്യാസവും ആരംഭിക്കാനുള്ള അധികാരം സ്ഥിരമായി നൽകുന്നതിനുള്ള ഭേദഗതി സർവ്വകലാശാലാ നിയമത്തിൽ വരുത്തണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): സർവ്വകലാശാലയുടെ ആക്ട് വൈസ്ചാൻസലർ, പ്രൊവൈസ് ചാൻസലർ, രജിസ്ട്രാർ, എന്നിവരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവും സമർപ്പിച്ചാൽ മാത്രമെ യു.സി.ജി.യുടെ പ്രാഥമിക അംഗീകാരം ലഭിക്കുകയുള്ളൂ. യു.ജി.സി.-യുടെ പോർട്ടൽ പ്രവർത്തിക്കാത്തതിനാലാണ് സാങ്കേതിക ബുദ്ധിമുട്ടുകളുണ്ടായത്. പോർട്ടൽ തുറക്കാനുള്ള അനുമതിക്ക് ഏതെങ്കിലും തരത്തിലുള്ള പ്രതിബന്ധങ്ങളുണ്ടാകുകയാണെങ്കിൽ കേരള/കാലിക്കറ്റ് യൂണിവേഴ്സിറ്റികളിൽ കഴിഞ്ഞ വർഷങ്ങളിലുണ്ടായ ക്രമീകരണങ്ങളുണ്ടാക്കാനും വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്താനുമാണ് ഉദ്ദേശിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): വിദ്യാർത്ഥികളുടെ ഉന്നമനമോ ഭാവിയോ ലക്ഷ്യമാക്കാതെയുള്ള അനധികൃത നിയമനങ്ങളാണ്

സർവ്വകലാശാലകളിൽ നടക്കുന്നത്. യു.ജി.സി.-യുടെ കീഴിലുള്ള വിദൂര വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അനുമതിയോടുകൂടി മാത്രമെ യൂണിവേഴ്സിറ്റികളിൽ കോഴ്സുകൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഒന്നരലക്ഷത്തോളം കുട്ടികളാണ് ഉപരിപഠനത്തിന് വിദൂര വിദ്യാഭ്യാസത്തെ ആശ്രയിക്കുന്നത്. യു.ജി.സി. നിബന്ധനകൾക്കും നിലവിലുള്ള നിയമത്തിനും വിധേയമായി നിയമനം നടത്തുകയും സെക്ഷൻ 72 അടിയന്തരമായി ഭേദഗതി ചെയ്ത് എല്ലാ യൂണിവേഴ്സിറ്റികളിലും കുട്ടികൾക്ക് വിദൂര വിദ്യാഭ്യാസത്തിനുള്ള സൗകര്യമൊരുക്കുകയും ചെയ്യണം.

ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മാർച്ച് മാസത്തിൽ പോർട്ടൽ തുറക്കാൻ യു.ജി.സി.-ക്ക് കഴിഞ്ഞിട്ടില്ല. കേരളത്തിൽ റെഗുലർ മോഡിലുള്ള വിദ്യാർത്ഥികളുടെ അഡ്മിഷൻ നടപടികൾ പൂർത്തിയായതിനുശേഷമാണ് ഡിസ്റ്റൻസ് മോഡിലുള്ള അഡ്മിഷൻ പ്രക്രിയകൾ ആരംഭിക്കുന്നത്. കേരള സർവ്വകലാശാല കഴിഞ്ഞവർഷം നടത്തിയിരുന്ന ഡിസ്റ്റൻസ് എഡ്യൂക്കേഷൻ തുടർന്നും നടത്തുന്നതിന് യു.ജി.സി.-ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. അക്കാദമിക വർഷം ആരംഭിക്കുന്നതിനുമുൻപ് പോർട്ടൽ തുറക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## III. ശ്രദ്ധക്ഷണിക്കൽ

1. മോട്ടോർ വാഹനത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. ബാബു (നെന്മാറ): സർവ്വീസുകൾ പുനഃസ്ഥാപിച്ച് മോട്ടോർ വാഹനത്തൊഴിലാളികൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്താനും പലിശരഹിത വായ്പയും മോറട്ടോറിയവും പലിശയിളവുൾപ്പെടെയുള്ള സാമ്പത്തികാനുകൂല്യങ്ങൾ നൽകാനും ക്ഷേമനിധിയിൽ അംഗത്വമില്ലാത്തവരെ സഹായിക്കാനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ലോക്ക്ഡൗൺമൂലം പ്രതിസന്ധി നേരിട്ട മോട്ടോർ വാഹനത്തൊഴിലാളികൾക്ക് കേരള മോട്ടോർ വാഹനത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും ധനസഹായം നൽകുകയും 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള ഉടമ-തൊഴിലാളി അംശദായം ഒഴിവാക്കുകയും 2021 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ഉടമ-തൊഴിലാളി അംശദായം ഒഴിവാക്കുന്ന കാര്യം പരിശോധിക്കുന്നതുമാണ്. രണ്ടാംഘട്ട ധനസഹായമായി സ്കാറ്റേർഡ് തൊഴിലാളികളുൾപ്പെടെയുള്ളവർക്ക് 1,000 രൂപവീതം ധനസഹായം നൽകിയിട്ടുണ്ട്. കോൺട്രാക്ട് ക്യാരേജ്, സ്റ്റേജ് ക്യാരേജ് ചരക്ക് വാഹനങ്ങളുടെ നികുതിയൊടുക്കുന്നതിന് 31-05-2021 വരെ സമയം ദീർഘിപ്പിച്ച് നൽകുകയും സ്കൂൾ

ബസുകളെ 03-09-2020 വരെ നികുതി അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടില്ലാത്ത തൊഴിലാളികളെ സഹായിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്.

2. പി.എസ്.സി.-യുടെ പ്രവർത്തനം ത്വരിതപ്പെടുത്തൽ

ശ്രീ. പി. സി. വിഷ്ണുനാഥ്: പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതിനും നിയമനങ്ങൾ വേഗത്തിലാക്കുന്നതിനും കോവിഡ് മൂലം നിർത്തിവച്ചിട്ടുള്ള പി.എസ്.സി. പരീക്ഷകളും ഇന്റർവ്യൂവുകളും പുനരാരംഭിക്കുന്നതിനും നിയമന ഉത്തരവ് ലഭിച്ച അദ്ധ്യാപകരെക്കൊണ്ട് ഓൺലൈൻ ക്ലാസ്സെടുപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നടത്താനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. കോവിഡ് വ്യാപനത്തെത്തുടർന്ന് യഥാസമയം മത്സരപ്പരീക്ഷകൾ നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമന ശിപാർശ നൽകുന്നതിനും ഇത് തടസ്സമായിരുന്നില്ല. 05-02-2021-ലും 03-08-2021-നുമിടയിൽ കാലാവധി പൂർത്തിയാകുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 04-08-2021 വരെ ദീർഘിപ്പിക്കുകയും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് ഓൺലൈൻ

സംവിധാനം ഏർപ്പെടുത്തുകയും പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മാറ്റിവച്ചിട്ടുള്ള പരീക്ഷകളും ഇന്റർവ്യൂകളും കോവിഡ് വ്യാപനത്തിന്റെ തീവ്രത കുറയുന്ന മുറയ്ക്ക് പുനരാരംഭിക്കുന്നതാണ്. പി.എസ്.സി. അഡ്വൈസ് ലഭിച്ച അദ്ധ്യാപകരുടെ നിയമനത്തിൽ യാതൊരു തടസ്സവുമുണ്ടാകില്ല. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

**അറിയിപ്പ്**

മി. സ്പീക്കർ: നിയമസഭാ സാമാജികരുടെ പ്രൊഫൈൽ ചിത്രങ്ങൾ പി.ആർ.ഡി. വഴി എടുക്കുന്നതിന് റൂം നമ്പർ 426-ൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യം എല്ലാ അംഗങ്ങളും പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

III. **സബ്മിഷൻ**

(1) അഗ്നിസുരക്ഷാ നിലയത്തിന് പുതിയ കെട്ടിടം

ഡോ. എം. കെ. മുനീർ: നരിക്കുനിയിൽ ആധുനിക രീതിയിലുള്ള അഗ്നിസുരക്ഷാ നിലയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നരിക്കുനിയിൽ അഗ്നിസുരക്ഷാ നിലയത്തിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കുന്നതാണ്.

(2) കായലുകളിൽ എക്കൽ അടിയുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കായലുകളിൽ എക്കൽ അടിയുന്നതൊഴിവാക്കാൻ ഡ്രഡ്ജിംഗ് നടത്തുന്നതിനും ഭിത്തികെട്ടി കായൽ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കാൻ കായലുകളിലെ എക്കൽ നീക്കം ചെയ്യുന്നതിന് പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ ദുരന്തനിവാരണ അതോറിറ്റി തുക കണക്കാക്കി ദുരിതാശ്വാസ കമ്മീഷണർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് അനുമതി ലഭ്യമാക്കി പ്രവർത്തനമാരംഭിക്കും.

(3) സ്ഥലം ലഭ്യമാക്കൽ

ശ്രീ. എം. എസ്. അരുൺ കുമാർ: മാവേലിക്കര നിയോജകമണ്ഡലത്തിലെ രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം കൈമാറുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന്റെ വികസനത്തിനായി മാവേലിക്കര വില്ലേജിൽ ജലവിഭവ വകുപ്പിന്റെ കൈവശമുള്ള 66 സെന്റ് ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം

ശ്രീ. ഷാഫി പറമ്പിൽ: ഗവൺമെന്റ് മോയൻ മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിന് സ്ഥലം ലഭ്യമാക്കി ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിനും ഡിജിറ്റൈസേഷൻ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പാലക്കാട് ഗവൺമെന്റ് മോയൻ മോഡൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കും.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഡിജിറ്റൈസേഷൻ നടപടി പൂർത്തീകരിക്കും.

(5) കൊണ്ടോട്ടി മിനി സിവിൽസ്റ്റേഷൻ

ശ്രീ. ടി. വി. ഇബ്രാഹിം: കൊണ്ടോട്ടിയിൽ മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കൊണ്ടോട്ടി മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമിയും ടൈഗർ ലോജസ്റ്റിക്സ് എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള ഭൂമിയും കണ്ടെത്തി വിസ്തീർണ്ണവും വിലയും നിശ്ചയിക്കാൻ

തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് സത്വര നടപടി സ്വീകരിക്കുന്നതാണ്.

(6) കുടിവെള്ള പദ്ധതി

ശ്രീ. തോമസ് കെ. തോമസ്: കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഇന്ന് അടിയന്തരയോഗം ചേർന്ന് തീരുമാനമെടുക്കുന്നതാണ്.

(7) മീനച്ചിലാർ കരകവിയുന്നത് മൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഉന്നതതല യോഗം ചേർന്ന് മീനച്ചിലാർ കരകവിയുന്നതുമൂലമുള്ള പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): മീനച്ചിലാറിന്റെ വിവിധ ഭാഗങ്ങളിൽ അടിഞ്ഞുകൂടിയ എക്കൽ, ചെളി എന്നിവ നീക്കം ചെയ്യുന്നതിനും ഒഴുക്കിന് തടസ്സമായി നിൽക്കുന്ന മുളക്കൂട്ടങ്ങളും മരച്ചില്ലകളും മാറ്റുന്നതിനും തീരസംരക്ഷണത്തിനായി ആറ്റുവഞ്ചി, രാമച്ചം, ഒട്ടൽ തുടങ്ങിയ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയെങ്കിലും പരിസ്ഥിതി സംഘടനകളുടെ എതിർപ്പിനെത്തുടർന്ന് മുന്നോട്ടുപോകാൻ സാധിച്ചില്ല. ദുരന്തനിവാരണത്തിന്റെ

മറവിൽ മണൽ ഖനനം നടത്തുന്നത് സംബന്ധിച്ച് കോട്ടയം നേച്ചർ സൊസൈറ്റി ദേശീയ ഹരിത ട്രൈബ്യൂണലിൽ നൽകിയ അപേക്ഷയിന്മേൽ വനം വകുപ്പ് നോഡൽ ഏജൻസിയായി രൂപീകരിച്ച് കമ്മിറ്റി പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്; റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(8) കാട്ടുപന്നിയെ വെർമിൻ ആയി പ്രഖ്യാപിക്കൽ

ശ്രീ. ലിന്റോ ജോസഫ്: കാട്ടുപന്നിയെ വെർമിൻ ആയി പ്രഖ്യാപിക്കുന്നതിനും വന്യമൃഗ ശല്യം തടയുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര നിയമത്തിൽ മാറ്റം വരുത്താൻ സമർപ്പിച്ച ശിപാർശയിന്മേൽ അനുകൂല മറുപടി ലഭ്യമാകാത്തതിനാൽ വീണ്ടും ശിപാർശ സമർപ്പിച്ചിട്ടുള്ളതും മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

(9) ലയൺ സഫാരി പാർക്ക്

ശ്രീ. സി. കെ. ഹരീന്ദ്രൻ: നെയ്യാർ ഡാം ലയൺ സഫാരി പാർക്ക് തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്ക് സിംഹങ്ങളില്ലാത്തതിനാൽ പ്രവർത്തനക്ഷമമല്ല. സഫാരി പാർക്കിനായി നിഷ്കർഷിക്കുന്ന സ്ഥല വിസ്തൃതിയിൽ ഇളവ് വരുത്തുന്നതിനുള്ള അപേക്ഷയിന്മേൽ കേന്ദ്ര മൃഗശാലാ അതോറിറ്റിയിൽനിന്നും അനുകൂല തീരുമാനം ലഭിക്കുന്ന മുറയ്ക്ക് പാർക്ക് പ്രവർത്തനക്ഷമമാക്കുന്നതാണ്.

## (10) വികസന പ്രവർത്തനങ്ങൾ

ശ്രീ. സണ്ണി ജോസഫ്: ആറളം ആദിവാസി മേഖലയിലെയും പട്ടികവർഗ്ഗ കോളനികളിലെയും വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ആറളം ഗ്രാമപഞ്ചായത്തിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ വിവിധഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. വനമേഖലയുമായി അതിർത്തി പങ്കിടുന്ന പ്രദേശത്ത് കോൺക്രീറ്റ് മതിലും ചീങ്കണ്ണി പുഴയോരത്ത് റെയിൽ ഫെൻസിംഗും സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന നടപടി സ്വികരിച്ചുവരികയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫാം റിവൈവൽ പാക്കേജ് പ്രകാരമുള്ള പുനരുദ്ധാരണ പ്രവൃത്തികളും ആറളം ഫാമിൽ

നടന്നുവരുന്നു.

## (11) മലബാർ ദേവസ്വം പരിഷ്കരണ നിയമം

ശ്രീ. ടി. ഐ. മധുസൂദനൻ: മലബാർ ദേവസ്വം ബോർഡിൽ ശമ്പള പരിഷ്കരണം പൂർണ്ണമായി നടപ്പിലാക്കാനും 1951-ലെ ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ആക്ട് പരിഷ്കരിക്കാനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): മലബാർ ദേവസ്വം ബോർഡിലെ ശമ്പള കുടിശ്ശികയുൾപ്പെടെ പരിഹരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുകയുടെ ആദ്യ ഗഡുവായ 5.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശമ്പള പരിഷ്കരണ ഫിക്സേഷൻ റൂൾ, ഡി.എ. എന്നിവയിൽ വ്യക്തത വരുത്തി നൽകണമെന്ന ബോർഡ് കമ്മീഷണറുടെ ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. മറുപടി ലഭ്യമായാലുടൻ തീരുമാനമെടുക്കുന്നതാണ്. 1951-ലെ ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ആക്ട് പരിഷ്കരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## (12) റോഡ് നിർമ്മാണം

ശ്രീ. എൻ. ഷംസുദ്ദീൻ: കിഫ്ബി പദ്ധതിയിലുൾപ്പെട്ട എം ഇ എസ് കോളേജ് - പയ്യനടം - മൈലാമ്പാടം റോഡിന്റെയും മണ്ണാർക്കാട് - ചിന്നത്തടാകം അന്തർ

സംസ്ഥാന പാതയുടെയും നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): എം.ഇ.എസ്. കോളേജ് - പയ്യനടം റോഡ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്.പി.വി.ആയ കേരള റോഡ് ഫണ്ട് ബോർഡ് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന്മേൽ കിഫ്ബി ധനാനുമതി നൽകി പദ്ധതി ആരംഭിച്ചെങ്കിലും തുടർപരിശോധനയിൽ നിർമ്മാണ പ്രവൃത്തികളിൽ അപാകത കണ്ടതിനെത്തുടർന്ന് നിർത്തിവയ്ക്കേണ്ടിവന്നു. കിഫ്ബി അനുശാസിക്കുന്ന സ്റ്റാൻഡേർഡ് പ്രകാരമല്ലാതെയുള്ള അശാസ്ത്രീയ നിർമ്മിതികൾ നീക്കം ചെയ്ത് അനുമതി നൽകി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മണ്ണാർക്കാട് - ചിന്നത്തടാകം റോഡിന്റെ പ്രവൃത്തികൾ മൂന്നു ഘട്ടങ്ങളായാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയിലെ ഒന്നാം ഘട്ടത്തിനുള്ള അംഗീകാരം നൽകുകയും രണ്ടാം ഘട്ടം അനുമതിക്കായി എസ്.പി.വി. സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനം അടിയന്തരമായി നടപ്പാക്കാൻ എസ്.പി.വി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(13) <u>കയറുൽപ്പന്നങ്ങളുടെ സംഭരണം</u>

<u>ശ്രീ. രമേശ് ചെന്നിത്തല</u> : കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും സംഭരണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): ലോക്ക്ഡൗൺമൂലം കയർ വിൽപ്പന മന്ദഗതിയിലായത് തൊഴിലാളികളെയും കയർ സംഘങ്ങളെയും ബാധിക്കാതിരിക്കാൻ കയർഫെഡ് കൂടുതൽ സംഭരണ ഗോഡൗണുകൾ ലഭ്യമാക്കി കയർ സംഭരിച്ചിട്ടുണ്ട്. തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ, കയർഫെഡുവഴി സംഭരിച്ച് വിപണി സുഗമമാക്കുന്നതിനും സംഭരണം തടസ്സംകൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

(14) <u>നിർമ്മാണ സാമഗ്രികളുടെ വില വർദ്ധന</u>

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും നിയമവും വകുപ്പുമന്ത്രിയ്ക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>):

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിനാവശ്യമുള്ള സിമന്റ് പൊതുമേഖലാസ്ഥാപനങ്ങൾ മുഖേന കൂടുതൽ ഉത്പ്പാദിപ്പിച്ച് വില നിർണ്ണയത്തിലിടപെടാൻ ശ്രമിക്കുന്നതാണ്. സിമന്റ്, സ്റ്റീൽ ഉത്പാദകരോടും വിപണനക്കാരോടും വില കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണ മേഖലയെ സഹായിക്കുന്നതിനുള്ള ഇടപെടൽ സർക്കാർ നടത്തുന്നതാണ്.

(15) കശുവണ്ടി തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. പി. എസ്. സുപാൽ: കശുവണ്ടിത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരമാവധി തൊഴിലവസരങ്ങളും ആനുകൂല്യങ്ങളും നൽകുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും നിയമവും വകുപ്പുമന്ത്രിയ്ക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സ്വകാര്യ കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും കടക്കെണിയിലായ കശുവണ്ടി ഫാക്ടറി ഉടമകൾ/തൊഴിലാളികളെ സംരക്ഷിക്കുന്നതിനുമുള്ള പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള വായ്പ പുന:ക്രമീകരിക്കുന്നതിനും അതിന് കഴിയാത്ത യൂണിറ്റുകൾക്ക്

ഒറ്റത്തവണ തീർപ്പാക്കൽ നടപ്പിലാക്കുന്നതിനും ശിപാർശ ചെയ്യുകയും അതിനായി രൂപീകരിച്ച സമിതിയുടെ അന്തിമ തീരുമാനമുണ്ടാകുന്നതുവരെ വായ്പയിലെ ജപ്തി നടപടികൾക്ക് സാവകാശം നൽകണമെന്ന് നിർദ്ദേശം നിൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും പരിധിയിലുള്ള ഫാക്ടറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ തോട്ടണ്ടി ഉറപ്പുവരുത്തുന്നതിന് SPV-ആയി കേരളാ കാഷ്യു ബോർഡ് രൂപീകരിക്കുകയും ബോർഡ് 4000 മെ.ടൺ തോട്ടണ്ടി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷനിലും കാപ്പെക്സിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ ലഭിക്കുന്നതിനും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(16) <u>പുതിയ കെട്ടിടങ്ങളിലേയ്ക്കുള്ള മാറ്റം</u>

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: മഞ്ചേശ്വരത്തെ ഗോവിന്ദ പൈ സ്മാരക ഗവൺമെന്റ് കോളേജ്/ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്നതിനും നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങളിലേയ്ക്ക് കോളേജുകളുടെ പ്രവർത്തനം മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഗോവിന്ദപൈ മെമ്മോറിയൽ സർക്കാർ കോളേജിനോട് ചേർന്നുള്ള ഉപയോഗിക്കാത്ത കെട്ടിടം കോളേജ് ആവശ്യത്തിനുപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലില്ല. ടി കോളേജിൽ മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് കോഴ്സ് അനുവദിച്ചിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജ് കെട്ടിടത്തിന്റെ ഒന്നാംഘട്ട സിവിൽ പ്രവൃത്തികളും ആസ്തിവികസന ഫണ്ടുപയോഗിച്ച് ഒരു അക്കാദമിക ബ്ലോക്കിന്റെ നിർമ്മാണവും പൂർത്തീകരിക്കുകയും രണ്ടാംഘട്ട പ്രവൃത്തികൾക്ക് 110 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരികയുമാണ്. പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് കോളേജിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാവുന്നതാണ്. ടി കോളേജിൽ ബി.എ. ഇംഗ്ലീഷ് വിത്ത് ജോർണലിസം, എം.കോം. (ഫിനാൻസ്) കോഴ്സുകളുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ഐ.എച്ച്.ആർ.ഡി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (17) മത്സ്യബന്ധനയാനങ്ങൾക്കാവശ്യമായ മണ്ണെണ്ണ

ശ്രീ. പി. പി. ചിത്തരഞ്ജൻ: മത്സ്യബന്ധനയാനങ്ങൾക്കാവശ്യമായ മണ്ണെണ്ണ

ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കറുകൾ വഴി നൽകുന്ന 20000 കിലോലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ സബ്സിഡിയുണ്ട്. എണ്ണക്കമ്പനികളും കേന്ദ്രസർക്കാരും മത്സ്യഫെഡിനെ അംഗീകൃത മൊത്തവിതരണ ഏജൻസിയായി അംഗീകരിക്കാൻ തയ്യാറല്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടന്ന ചർച്ചയിൽ മത്സ്യഫെഡിനെ റീട്ടെയ്‌ലറായി അംഗീകരിക്കാമെന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 25 രൂപ നിരക്കിൽ മണ്ണെണ്ണ നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(18) റോഡ് നിർമ്മാണം

ഡോ. എൻ. ജയരാജ്: കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ കിഫ്ബിയിലുൾപ്പെട്ട റോഡുകളുടെ പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടിയുണ്ടാകണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കാഞ്ഞിരപ്പള്ളി മണിമല-കുളത്തുർമുഴി-കർഷക സൗഹൃദ ലിങ്ക് റോഡ് പ്രവൃത്തിയുടെ വിശദമായ രൂപരേഖ കിഫ്ബിയിൽ സമർപ്പിക്കുകയും സാമ്പത്തികാനുമതി നൽകുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരികയുമാണ്.

പാത്തനാട്-ഇടയരിക്കപ്പുഴ റോഡ് നിർമ്മാണ പ്രവൃത്തിക്ക് സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു.

(19) റോഡ് പുനരുദ്ധാരണം

ശ്രീ. മാത്യു ടി. തോമസ്: തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് സാമ്പത്തികാനുമതിയും ഭൂമിയേറ്റെടുക്കുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. റോഡ് വികസനത്തിനുള്ള സ്ഥലമേറ്റെടുത്ത് നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾക്കുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

(20) സമാന്തരപാലം

ശ്രീ. റോജി എം. ജോൺ: പുതുക്കിയ ഭരണാനുമതി നൽകി കാലടിയിൽ പെരിയാറിന് കുറുകെ സമാന്തരപാലം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കെ.എച്ച്.ആർ.ഐ.യുടെ പ്രാഥമിക പരിശോധനാ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അങ്കമാലി നിയോജകമണ്ഡലത്തിലെ ശ്രീശങ്കരാചാര്യ പാലത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ സമാന്തരപാലത്തിനൊപ്പം ബൈപ്പാസും ഫ്ലൈ

ഓവറും വേണമെന്ന ആവശ്യത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(21) പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പുനർനിർമ്മാണം

ശ്രീ. വി. ആർ. സുനിൽ കുമാർ: കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ മാള പഞ്ചായത്തിൽ 2018-ലെ പ്രളയത്തിൽ തകർന്ന വൈന്തോട് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പുനർനിർമ്മാണം അടിയന്തരമായി ആരംഭിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നിലവിലുള്ള വൈന്തോട് പാലം പൊളിച്ച് പുതിയതായി നിർമ്മിക്കുന്ന പാലത്തിന്റെ ഇരുവശങ്ങളിലും അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. അനുബന്ധ പ്രവൃത്തികൾ പൂർത്തിയായാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

(22) പാലം നിർമ്മാണം

ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ: ഡി.പി.ആർ. നടപടി വേഗത്തിലാക്കി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മുതിയം പാലം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മുതിയം പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരികയാണ്.

(23) കരുവഞ്ചാൽ പാലം നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ നടപടി പൂർത്തീകരിച്ച് ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കരുവഞ്ചാൽ പാലം നിർമ്മാണം ആരംഭിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വിശദമായ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

(24) അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. കുറുക്കോളി മൊയ്തീൻ: തിരൂർ മണ്ഡലത്തിലെ വിവിധ പാലങ്ങളുടെ അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കോടതി വ്യവഹാരങ്ങൾക്കും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ചർച്ചകൾക്കുംശേഷം തിരൂർ-താഴെപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. തിരൂർ-മലപ്പുറം സംസ്ഥാന പാതയിലെ ആർ.ഒ.ബി.-യുടെ അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. പൊൻമുണ്ടം ആർ.ഒ.ബി.-യുടെ അപ്രോച്ച് റോഡ്

നിർമ്മാണത്തിന്റെ പ്രൊപ്പോസൽ 2021-22-ലെ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(25) പാലം പുനർനിർമ്മാണം

ശ്രീ. ജോബ് മൈക്കിൾ: ചങ്ങനാശ്ശേരി-ആലപ്പുഴ ബോട്ട് റൂട്ട് കനാലിലുള്ള കിടങ്ങറ ചർച്ച് പാലം റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി ആർച്ച് പാലമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിടങ്ങറ ചർച്ച് പാലം നിർമ്മാണത്തിന്റെയും ലാന്റ് അക്വിസിഷന്റെയും എസ്റ്റിമേറ്റ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ സമർപ്പിച്ചിട്ടുണ്ട്.

(26) കീഴില്ലം -പാണിയേലിപ്പോര് റോഡ് നിർമ്മാണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: കിഫ്ബി പദ്ധതിയിലുൾപ്പെട്ട കീഴില്ലം -പാണിയേലിപ്പോര് റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കുറുപ്പംപടി മുതൽ പാണിയേലിപ്പോര് വരെയുള്ള പ്രദേശത്ത് കിഫ്ബി മാനദണ്ഡപ്രകാരം റോഡ് വികസിപ്പിക്കുന്നതിനുള്ള ഭൂമി ലഭ്യമാക്കാൻ തടസ്സമുള്ളതിനാൽ കീഴില്ലം മുതൽ കുറുപ്പംപടി വരെ ആദ്യഘട്ടമായി പരിഗണിക്കാൻ തീരുമാനിക്കുകയും പ്രവൃത്തിയുടെ പേരുമാറ്റി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള

നടപടി പുരോഗമിക്കുകയാണ്. കിഫ്ബി പ്രവൃത്തികൾക്കായി രൂപീകരിച്ച കെ.ആർ.എഫ്.ബി. വിംഗിലേയ്ക്ക് പ്രവൃത്തി കൈമാറുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(27) പുലാമന്തോൾ-മേലാറ്റൂർ റോഡ് നിർമ്മാണം

ശ്രീ. നജീബ് കാന്തപുരം: റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെട്ട മലപ്പുറം ജില്ലയിലെ പുലാമന്തോൾ-മേലാറ്റൂർ റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ലോകബാങ്കിന്റെ സഹായത്തോടെ പുനർനിർമ്മിക്കുന്ന പെരുമ്പിലാവ്-നിലമ്പൂർ സംസ്ഥാന പാതയിൽ നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും ജലവിതരണ പൈപ്പുകളും വശങ്ങളിലേയ്ക്ക് മാറ്റിസ്ഥാപിക്കുകയും വനം വകുപ്പിൽ നിന്നും അനുമതി വാങ്ങി മരങ്ങൾ മുറിച്ചുമാറ്റേണ്ടതുമുണ്ട്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(28) പ്രത്യേക പാക്കേജ്

ശ്രീ. എ. രാജ: ടൂറിസം മേഖലയായ മൂന്നാറിന് പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കോവിഡ് മഹാമാരിമൂലം വിനോദസഞ്ചാര മേഖലയിലുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പാക്കേജിനായി പുതുക്കിയ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാക്കേജ് തയ്യാറാക്കി നടപ്പാക്കുന്നതോടൊപ്പം മൂന്നാറിലെ പ്രശ്നവും പരിഗണിക്കുന്നതാണ്.

(29) യാത്രാക്ലേശം

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: വൈപ്പിൻ ഗോശ്രീ ദ്വീപ് നിവാസികളുടെ യാത്രാക്ലേശം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): ഗോശ്രീ ദ്വീപുകളിൽ നിന്നും എറണാകുളം നഗരത്തിലേയ്ക്ക് സ്വകാര്യബസ്സുകൾക്ക് കടന്നുവരുന്നതിന് നിയന്ത്രണങ്ങൾ നിലവിലുണ്ട്. കോവിഡ് രണ്ടാം തരംഗത്തോടനുബന്ധിച്ചുള്ള നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് യാത്രക്കാർക്ക് പ്രയോജനപ്രദമായ രീതിയിൽ സർവ്വീസുകൾ ക്രമീകരിച്ച് യാത്രാക്ലേശം പരിഹരിക്കുന്നതാണ്.

(30) ജീവനക്കാരെ തിരിച്ചെത്തിക്കൽ

ശ്രീമതി ഒ. എസ്. അംബിക: വിവിധ സംസ്ഥാനങ്ങളിലായി അതിഥി തൊഴിലാളികളുമായി പോയ വാഹനങ്ങളിലെ ജീവനക്കാരെ തിരിച്ചെത്തിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): കോവിഡ് കാലത്ത് അതിഥി തൊഴിലാളികളുമായി പോയ വാഹനങ്ങളിലെ ജീവനക്കാർ മറ്റ് സംസ്ഥാനങ്ങളിൽ കുടുങ്ങിക്കിടക്കുന്ന സാഹചര്യത്തിൽ ഗതാഗത സെക്രട്ടറിയുടെയും ട്രാൻസ്പോർട്ട് കമ്മീഷണറുടെയും നേതൃത്വത്തിൽ അതത് സംസ്ഥാനങ്ങളിലെ ഗതാഗതവകുപ്പുമായി ബന്ധപ്പെട്ട് അവരുടെ സുരക്ഷയ്ക്കും ആരോഗ്യ സംരക്ഷണത്തിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അവരെ തിരികെ കൊണ്ടുവരുന്നതിനുള്ള സൗകര്യം ഒരുക്കിക്കൊടുക്കണമെന്നും ടോൾ ഫീസ്, നികുതി എന്നിവയിൽ ഇളവ് നൽകണമെന്നും ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(31) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ശ്രീ. പി. ടി. തോമസ്: തൃക്കാക്കരയിൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): നിലവിൽ 11 സെന്ററുകളിൽ വാക്സിനേഷൻ നൽകുന്ന തൃക്കാക്കരയിൽ സാർവ്വത്രികമായി സൗജന്യ വാക്സിൻ ലഭ്യമാകുന്ന മുറയ്ക്ക് ഒരു വാക്സിനേഷൻ സെന്റർകൂടി ആരംഭിക്കുന്നതാണ്. സി.എഫ്.എൽ.ടി.സി.-കളിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(32) ഒ.പി. വിഭാഗത്തിന്റെ പ്രവർത്തനം

ശ്രീ. യു. എ. ലത്തീഫ്: മഞ്ചേരി മെഡിക്കൽ കോളേജ് ഒ.പി. വിഭാഗത്തിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): 2020 മാർച്ച് 23-ന് കോവിഡ് ആശുപത്രിയായി മാറ്റിയ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ കോവിഡ് കേസ്സുകൾ കുറയുന്ന മുറയ്ക്ക് ബെഡ്ഡുകളുടെ എണ്ണം മുൻകാലങ്ങളിലേതുപോലെ വർദ്ധിപ്പിച്ച് ചികിത്സാ സൗകര്യമൊരുക്കാവുന്നതാണ്.

(33) ജില്ലാ ആശുപത്രിയുടെ വികസനം

ശ്രീമതി കെ. കെ. രമ: വടകര ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): വടകര ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 13.70 കോടി രൂപ അനുവദിക്കുകയും ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്.

(34) ഓണറേറിയം

ഡോ. മാത്യു കുഴൽനാടൻ: ആശാ വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): ആശാവർക്കർമാരുടെ വേതനത്തിൽ വർഷംതോറും വർദ്ധനവ് വരുത്തുകയും മാർച്ച്-ഏപ്രിൽ മാസങ്ങളിലെ ഓണറേറിയം വിതരണം ചെയ്തിട്ടുമുണ്ട്. മേയ്, ജൂൺ മാസങ്ങളിലെ ഓണറേറിയം നൽകാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(35) സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തൽ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: ടാറ്റാ ട്രസ്റ്റ്, ഗവൺമെന്റിന് കൈമാറിയ ആശുപത്രിയെ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനും ഭരണച്ചുമതല കാസർഗോഡ് ജില്ലാ പഞ്ചായത്തിനെ ഏൽപ്പിക്കുന്നതിനും കണ്ടെയ്നറുകളുടെ റിപ്പയറിംഗ് നടത്തുന്നതിനും ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിലാണ് ടാറ്റ ട്രസ്റ്റ് ആശുപത്രി സർക്കാരിന് കൈമാറിയത്. നിലവിൽ കാസർഗോഡ് ജനറൽ

ആശുപത്രിയുടെ അനുബന്ധസ്ഥാപനമായി പ്രവർത്തിച്ചുവരുന്ന ഈ ആശുപത്രിയുടെ ഭാവികാര്യങ്ങൾ സംബന്ധിച്ച് എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ വിശദമായ ചർച്ച നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## IV. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ്-1, ലിസ്റ്റ്- 2 (ചട്ടം 47 (2), ലിസ്റ്റ്- 3 (ചട്ടം 236 (5)), ലിസ്റ്റ്- 4 (ചട്ടം 236 (6)) പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V. ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

2020-ലെ കേരള പോലീസ് ചട്ടങ്ങൾക്കുള്ള ഭേദഗതി

ശ്രീ. എൻ. ഷംസുദ്ദീൻ: 2020 ഏപ്രിൽ 16-ാം തീയതിയിലെ സ.ഉ (അച്ചടി) നമ്പർ 18/2020/ആഭ്യന്തരം (എസ്.ആർ.ഒ. നമ്പർ 275/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2020-ലെ കേരള പോലീസ് ചട്ടങ്ങൾക്കുള്ള ഭേദഗതിയാണ് അവതരിപ്പിക്കുന്നത്.

നിലവിലെ ചട്ടം 9-ന്റെ പൂർത്തീകരണത്തിന് പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകളുടെ ലംഘനമുണ്ടായാൽ പോലീസ് മേധാവിക്ക് വകുപ്പുതലത്തിൽ ലംഘനം നടത്തിയവർക്കെതിരെ ശക്തമായ ശിക്ഷാനടപടികൾ സ്വീകരിക്കാവുന്ന വിധത്തിൽ ചട്ടം 9(10) ആയി ഒരു വ്യവസ്ഥ കൂടി കൂട്ടിച്ചേർക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): കേരള പോലീസ് ആക്ട്, 2011-ലെ 114(എ) മുതൽ (ഇ) വരെയുള്ള ഉപശീർഷകത്തിലെ വ്യവസ്ഥകളനുസരിച്ച് പോലീസ് സേനയിലെ അംഗങ്ങൾക്ക് ബാധകമായിട്ടുള്ള ഏതെങ്കിലും നിയമവ്യവസ്ഥയോ നടപടിക്രമമോ ചട്ടങ്ങളോ റെഗുലേഷനുകളോ ലംഘിക്കുകയോ ഉപേക്ഷ കാണിക്കുകയോ ചെയ്താൽ ക്രിമിനൽ നിയമനടപടിയും വകുപ്പുതല അച്ചടക്ക നടപടിയും സ്വീകരിക്കാൻ കഴിയുമെന്നതിനാൽ ഭേദഗതിയുടെ ആവശ്യമില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

**ക്രമപ്രശ്നം**

1. വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം

ശ്രീ. എൻ. ഷംസുദ്ദീൻ: കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, അക്കാദമി ഓഫ് പ്രിസൺസ് ആന്റ് കറക്ഷൻസ് അഡ്മിനിസ്ട്രേഷൻ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ റിപ്പോർട്ടുകൾ 01-06-2021-നാണ് സഭയിൽ സമർപ്പിച്ചത്. ഇത്തരത്തിൽ കാലതാമസം വരുത്താതെ സമയബന്ധിതമായി റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച് റൂളിംഗ് നൽകണം.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കുന്നതിൽ ഉൾപ്പെടെയുണ്ടാകുന്ന സാങ്കേതിക കാരണങ്ങളാലാണ് വാർഷിക റിപ്പോർട്ടുകൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസമുണ്ടാകുന്നത്. ഇക്കാര്യത്തിൽ ഏതെങ്കിലും സ്ഥാപനങ്ങൾ ബോധപൂർവമായ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാർഷിക റിപ്പോർട്ടുകൾ കാലതാമസം കൂടാതെ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദേശം നൽകുന്നതാണ്.

2. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. സി. വിഷ്ണുനാഥ്: 2021 ജൂലൈ 5-ന് സബ്ജക്ട് കമ്മിറ്റി സൂക്ഷ്മ പരിശോധന പൂർത്തിയാക്കി ജൂലൈ മധ്യത്തോടെ നിയമസഭ ചേർന്ന് ധനാഭ്യർത്ഥന പാസ്സാക്കാൻ കഴിയുമെങ്കിൽ ഒക്ടോബർ വരെയുള്ള വോട്ട് ഓൺ അക്കൗണ്ട് ഇന്ന് പരിഗണിക്കുന്നതിൽ അപാകതയുണ്ട്. സബ്ജക്ട് കമ്മിറ്റികളുടെ പ്രാധാന്യം കുറയ്ക്കുന്ന ഈ നടപടി സംബന്ധിച്ച് റൂളിംഗ് നൽകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കോവിഡ് പ്രതിസന്ധി നിലനിൽക്കുന്നതിനാൽ ജൂലൈ 31-നുമുമ്പ് ബഡ്ജറ്റ് പാസ്സാക്കാൻ കഴിഞ്ഞില്ലെങ്കിൽ ആഗസ്റ്റ് മാസം മുതൽ ഭരണപരമായ കാര്യങ്ങളിൽ തടസ്സം നേരിടേണ്ടിവരുമെന്നതിനാലാണ് ഒക്ടോബർ മാസം വരെയുള്ള വോട്ട് ഓൺ

അക്കൗണ്ട് കൊണ്ടുവന്നിരിക്കുന്നത്.

### 3. ധനകാര്യ ബില്ലിന്റെ അവതരണം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പുതിയ നികുതി നിർദ്ദേശങ്ങൾ ഇല്ലാത്തതിനാലും ഈ വർഷത്തെ ആദ്യ ബഡ്ജറ്റ് നിർദ്ദേശങ്ങളെല്ലാം നടപ്പിലാക്കുമെന്ന് ധനകാര്യവകുപ്പുമന്ത്രി സഭയിൽ പ്രഖ്യാപിച്ചിട്ടുള്ളതിനാലും ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള 2021-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം ക്രമവിരുദ്ധമാണ്.

### 4. നിയമസഭാ ചോദ്യത്തിനുള്ള മറുപടി സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചത് സംബന്ധിച്ച്

ശ്രീ. മഞ്ഞളാംകുഴി അലി: 07-06-2021-ലെ നക്ഷത്രചിഹ്നമിടാത്ത 99-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ നൽകുകയോ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയോ ചെയ്യുന്നതിന് മുമ്പ് സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചത് അംഗങ്ങളോടും സഭയോടുമുള്ള അനാദരവും ചട്ടലംഘനവുമാണ്. ഇതുസംബന്ധിച്ച് റൂളിംഗ് നൽകണം.

### 5. ആക്ടിന് വിരുദ്ധമായ വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്

ഡോ. മാത്യു കുഴൽനാടൻ: 1985-ല കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ്

റവന്യൂസ് ആക്ടിലെ സെക്ഷൻ 3-ന് വിരുദ്ധമായാണ് 2021-ലെ കേരള ധനകാര്യ ബില്ലിലെ, ഖണ്ഡം 8-ന് പ്രാബല്യം നൽകിയിരിക്കുന്നത്. ഇത് തികച്ചും നിയമവിരുദ്ധമാണ്.

**റൂളിംഗ്**

മി. സ്പീക്കർ: വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട സ്ഥാപനങ്ങൾ അതത് സാമ്പത്തിക വർഷം പൂർത്തിയായതിനുശേഷം ഒൻപത് മാസത്തിനുള്ളിലും വാർഷിക റിപ്പോർട്ടുകൾ മാത്രം സമർപ്പിക്കേണ്ട സ്ഥാപനങ്ങൾ ആറ് മാസത്തിനുള്ളിലും അതിന് കഴിയാതെ വരുന്ന സന്ദർഭങ്ങളിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കുന്ന ഒരു സ്റ്റേറ്റുമെന്റ്കൂടി റിപ്പോർട്ടുകളോടൊപ്പം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്നും ചട്ടം 166(സി)-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും ജാഗ്രത പുലർത്തേണ്ട ആവശ്യകത സംബന്ധിച്ച് 01-07-2019-ന് റൂളിംഗ് നൽകിയതിന്റെ അടിസ്ഥാനത്തിൽ പാർലമെന്ററികാര്യ വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം ലഭിക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി പരിശോധിച്ച് യുക്തമായ ശിപാർശകൾ സമർപ്പിക്കണം. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ഉടൻ നൽകുന്നതാണ്.

ഭരണഘടനയുടെ അനുച്ഛേദം 206 പ്രകാരമാണ് വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കുന്നത്. പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ 2021 ജൂൺ 4-നാണ് മൂന്ന് മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ടിനായുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വച്ചത്. സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധന പൂർത്തിയാക്കി ജൂലൈ മാസത്തോടെ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കാവുന്ന രീതിയിലാണ് സമയ പട്ടിക തയ്യാറാക്കിയതെങ്കിലും കോവിഡ് ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ സഭാസമ്മേളനം ചേരുന്നതിലെ അനിശ്ചിതത്വം കണക്കിലെടുത്ത് ഏതെങ്കിലും തരത്തിലുള്ള ഭരണഘടനാ പ്രതിസന്ധി ഉണ്ടായാൽ തരണം ചെയ്യുന്നതിനുള്ള മുൻകരുതലായിട്ടാണ് ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള മൂന്ന് മാസത്തേയ്ക്ക് വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുന്നത്. 2011-12, 2016-2017 സാമ്പത്തിക വർഷങ്ങളിൽ ആദ്യത്തെ ഏഴ് മാസക്കാലയളവിലേയ്ക്കുള്ള സർക്കാർ ചെലവുകൾ നേരിടുന്നതിനായി രണ്ട് വോട്ട് ഓൺ അക്കൗണ്ടുകൾ പാസ്സാക്കിയ കീഴ്വഴക്കമുണ്ട്. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

നിയമസഭാ ചോദ്യത്തിനുള്ള മറുപടി സഭാതലത്തിൽ വരുന്നതിനുമുമ്പ് സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചെയർ വിശദമായി പരിശോധിച്ചു. ഓരോ സമ്മേളന ദിനങ്ങളിലേയ്ക്കും ഷെഡ്യൂൾ ചെയ്തിട്ടുള്ള നിയമസഭാ ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട

വകുപ്പുകളിൽനിന്നും തലേദിവസം വൈകുന്നേരം അഞ്ച് മണിവരെ ലഭ്യമാക്കുന്ന ഉത്തരങ്ങൾ ചോദ്യദിവസം ചോദ്യോത്തരവേള അവസാനിച്ചയുടനെയും തലേദിവസം വൈകുന്നേരം അഞ്ച് മണിക്കുശേഷവും ചോദ്യദിവസം വൈകുന്നേരം നാല് മണിവരെയും ലഭ്യമാകുന്ന ഉത്തരങ്ങൾ ലേറ്റ് ആൻസർ ബുള്ളറ്റിൻ വഴി തൊട്ടടുത്ത ദിവസവും നിയമസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധികരിക്കാറുണ്ട്. നക്ഷത്രചിഹ്നമിടാത്ത 99-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം ബന്ധപ്പെട്ട സർക്കാർ വകുപ്പ് ഇ-നിയമസഭാ പോർട്ടലിൽ ലഭ്യമാക്കിയത് 7-ാം തീയതി വൈകുന്നേരം നാല് മണിക്ക് ശേഷമാണ്. ഈ ഉത്തരം 8-ാം തീയതിയിലെ 33-ാം നമ്പർ ലേറ്റ് ആൻസർ ബുള്ളറ്റിനിൽ ഉൾപ്പെടുത്തുകയും 9-ാം തീയതി ഉച്ചയോടെ നിയമസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രി അംഗീകരിച്ച് നിയമസഭയ്ക്ക് ലഭ്യമാക്കിയ ഉത്തരമല്ല സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചതെന്നും നിയമസഭാ ചോദ്യത്തിന് മറുപടി തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കി ഗവൺമെന്റിലേയ്ക്ക് അയച്ചുകൊടുത്ത വിവരണമാണ് സമൂഹ മാധ്യമങ്ങളിലൂടെ പുറത്തുവന്നതെന്നും പരിശോധനയിൽ വെളിവായി. ചോദ്യങ്ങൾക്ക് നിയമസഭാ തലത്തിൽത്തന്നെ ഉത്തരം ലഭിക്കുവാനുള്ള ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രത്യേക അവകാശത്തിന് പ്രത്യക്ഷത്തിൽ ലംഘനമുണ്ടായിട്ടില്ലെങ്കിലും അനുചിതമായ നടപടി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ

ഭാഗത്തുനിന്നും ഉണ്ടായതായി ചെയർ നിരീക്ഷിക്കുന്നു. ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാൻ സമഗ്രമായ വകുപ്പുതല അന്വേഷണം സർക്കാർ നടത്തണമെന്നും വീഴ്ച വരുത്തിയവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കണമെന്നും റൂൾ ചെയ്യുന്നു.

## VI. ധനകാര്യം

### വോട്ട് ഓൺ അക്കൗണ്ട് -ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (കെ. എൻ. ബാലഗോപാൽ): " ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2021-22 സാമ്പത്തിക വർഷത്തിലെ ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിന് വേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണർക്ക് നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു."

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

സർവ്വശ്രീ പി. ഉബൈദുള്ള, എൻ. ഷംസുദ്ദീൻ, നജീബ് കാന്തപുരം, ടി. വി. ഇബ്രാഹിം, ഐ.സി. ബാലകൃഷ്ണൻ, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. കെ. ഡി. പ്രസേനൻ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. മതനിരപേക്ഷതയ്ക്കെതിരെയുള്ള നിലപാട് പ്രതിപക്ഷം തിരുത്തണം. ഓഖി, പ്രളയം, നിപ, കോവിഡ് തുടങ്ങിയ ദുരന്തങ്ങളെ അതിജീവിച്ച് ഒട്ടേറെ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. താമര കൃഷി ചെയ്യുന്നവരെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ആതുരസേവന രംഗത്ത് സേവനമനുഷ്ഠിച്ച് ജീവൻ പൊലിഞ്ഞവരുടെ ആശ്രിതർക്ക് ജോലി നൽകാനുള്ള നടപടി സ്വീകരിക്കണം. പാവപ്പെട്ട കുട്ടികൾക്ക് ഓൺലൈൻ പഠനോപകരണങ്ങൾ വാങ്ങാൻ എം.എൽ.എ. ഫണ്ടിൽനിന്നും തുക അനുവദിക്കാനുള്ള അനുമതി നൽകണം.

ശ്രീ. വാഴൂർ സോമൻ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. അർഹരായവർക്കെല്ലാം പട്ടയം നൽകിയതും ലൈഫ് മിഷന്റെ ഭാഗമായി വീടുകൾ നിർമ്മിച്ചു നൽകിയതും സ്വാഗതാർഹമാണ്. തോട്ടം തൊഴിലാളികൾക്ക് പുതിയ

വീടുകൾ നിർമ്മിച്ച് നൽകാനുള്ള പദ്ധതിക്ക് രൂപം നൽകണം. അന്യസംസ്ഥാന തൊഴിലാളികളുൾപ്പെടെയുള്ള തൊഴിലാളികൾക്ക് ഭക്ഷ്യകിറ്റും സാമ്പത്തിക സഹായവും നൽകിയത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കേന്ദ്ര നികുതിയും ഗ്രാന്റുകളും തനതു നികുതിയേതര വരുമാനവും കുറയുന്നതിനാൽ സംസ്ഥാനം കടക്കെണിയിലേയ്ക്ക് നീങ്ങുകയാണ്. എം.എൽ.എ. ആസ്തി വികസന ഫണ്ട് കുറയ്ക്കാനുള്ള തീരുമാനം ഉപേക്ഷിക്കണം. അതിവേഗ റെയിൽവേ പദ്ധതിയെക്കുറിച്ച് പുനർവിചിന്തനം നടത്തണം. ന്യൂനപക്ഷ വകുപ്പിന് കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തണം. സച്ചാർ കമ്മീഷൻ നിർദ്ദേശിച്ച ക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കണം.

<u>ശ്രീ. ആന്റണി ജോൺ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. പ്രതിസന്ധിഘട്ടത്തിലും ഒട്ടേറെ ജനക്ഷേമ പദ്ധതികൾ നടപ്പാക്കാൻ സർക്കാരിന് സാധിച്ചു. കിഫ്ബി/ലൈഫ് മിഷൻ പദ്ധതികളെ തകർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. പ്രതിസന്ധികളെ തരണം ചെയ്യാനും മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ ജനക്ഷേമകരമായ പദ്ധതികൾ ആവിഷ്കരിക്കാനും സർക്കാരിന് സാധിച്ചു. റീ

ബിൽഡ് കേരള പദ്ധതിയിലൂടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ സാധിച്ചതും കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ആരോഗ്യമേഖലയ്ക്ക് ഊന്നൽ നൽകിയതും ശ്രദ്ധേയമാണ്. ആസ്തി വികസന ഫണ്ടിൽനിന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തുക വിനിയോഗിക്കുമ്പോൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പദ്ധതികൾ ക്രമീകരിക്കാൻ നടപടിയുണ്ടാകണം. വാക്സിനേഷൻ സമയബന്ധിതമായി പൂർത്തിയാക്കണം. സി.എച്ച്.സി, താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിൽ വെന്റിലേറ്റർ സൗകര്യമുള്ള ഐസൊലേഷൻ വാർഡുകൾ ആരംഭിക്കാനുള്ള തീരുമാനവും കാർഷിക മേഖലയ്ക്ക് കൂടുതൽ തുക വകയിരുത്തിയതും സ്വാഗതാർഹമാണ്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സി.എച്ച്.സി, താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിൽ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തെയും 20,000 കോടി രൂപയുടെ കോവിഡ് പാക്കേജിനെയും സ്വാഗതം ചെയ്യുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കോവിഡ് ചികിത്സ സാമ്പത്തിക ബാദ്ധ്യതയായി മാറിയിരിക്കുന്ന സാഹചര്യത്തിൽ അർഹരായ കുടുംബങ്ങൾക്ക് പ്രതിമാസം 10000 രൂപ ധനസഹായം നൽകണം. ആസ്തി വികസന ഫണ്ടിൽ നിന്നും കോവിഡ് വാക്സിനായി വകമാറ്റുന്ന തുക

മണ്ഡലങ്ങളിലെ ആരോഗ്യമേഖലയിൽത്തന്നെ വിനിയോഗിക്കണം. കെ ഡിസ്ക് വെബ് പോർട്ടലിനുള്ള തുക വർദ്ധിപ്പിച്ചത് പുനഃപരിശോധിക്കണം. ആരോഗ്യപ്രവർത്തകരുടെ ശമ്പളം വർദ്ധിപ്പിക്കണം. കടലിനോട് ചേർന്നുകിടക്കുന്ന ജൈവആവാസ വ്യവസ്ഥയുടെ പുനരുജ്ജീവനത്തിന് പ്രത്യേക പരിഗണന നൽകണം. വടകര കെ.എസ്.ആർ.ടി.സി. ഡിപ്പോ പ്രവർത്തനക്ഷമമാക്കാൻ ഫണ്ട് അനുവദിക്കണം. സ്വകാര്യ ബസ് സർവ്വീസുകൾ റദ്ദ് ചെയ്തതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കാനാവശ്യമായ ഇടപെടലുണ്ടാകണം.

<u>ശ്രീ. എ. രാജ:</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ മുഴുവൻ നടപ്പിലാക്കിയ സർക്കാരിന് ജനങ്ങൾ നൽകിയ അംഗീകാരമാണ് തുടർഭരണം. വർദ്ധിപ്പിച്ച ക്ഷേമ പെൻഷൻ കുടിശ്ശികയില്ലാതെ വിതരണം ചെയ്തതും തോട്ടം വ്യവസായത്തിന് നികുതിയിളവ് നൽകിയതും തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിച്ചതും ലൈഫ് പദ്ധതിയിലുൾപ്പെടുത്തി ഇടുക്കി ജില്ലയിലെ തോട്ടം തൊഴിലാളി കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ച് നൽകിയതും മുൻ ഇടതുപക്ഷ സർക്കാരിന്റെ നേട്ടങ്ങളാണ്. പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ശാക്തീകരണത്തിനായി രണ്ട് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയ നടപടിയെയും ലയങ്ങളുടെ നവീകരണത്തിന് ഇടുക്കി പാക്കേജിൽ 1,200 കോടി രൂപ നീക്കിവയ്ക്കാനുള്ള തീരുമാനവും

അഭിനന്ദനാർഹമാണ്. ആരോഗ്യം, പൊതുവിദ്യാഭ്യാസം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വൻപുരോഗതിയുണ്ടാക്കാൻ സർക്കാരിന് സാധിച്ചു.

ശ്രീ. മാത്യു ടി. തോമസ്: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സമ്പദ്ഘടനയിൽ കോവിഡ് ഏൽപ്പിച്ച ആഘാതം ലഘൂകരിക്കാനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയുള്ള ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. പുതിയ നികുതി നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തതും കോവിഡ് മെഡിക്കൽ എമർജൻസിക്കുവേണ്ടി 2,800 കോടി രൂപ നീക്കിവച്ചതും ശ്ലാഘനീയമാണ്.

ശ്രീ. കെ. പ്രേംകുമാർ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജും സി.എച്ച്.സി., താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിൽ ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനവും ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കാനുള്ള തീരുമാനവും ശ്ലാഘനീയമാണ്. കുട്ടികളുടെ മാനസികസംഘർഷം ലഘൂകരിക്കാനുള്ള പദ്ധതി, ഉന്നത വിദ്യാഭ്യാസ സംവിധാനത്തിന്റെ പുനസംഘാടനത്തിനായി ഉന്നതാധികാരമുള്ള കമ്മീഷനെ നിയോഗിക്കൽ, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ അടിസ്ഥാന വികസനം തുടങ്ങി സമസ്ത മേഖലകൾക്കും ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയ നടപടി അഭിനന്ദനാർഹമാണ്.

ഡോ. സുജിത് വിജയൻപിള്ള: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ പ്രതീക്ഷകൾക്ക് പ്രത്യാശയേകുന്ന ബഡ്ജറ്റാണിത്. കോവിഡ് മഹാമാരിയെ പ്രതിരോധിക്കാനും തീരദേശ മേഖലയെ സംരക്ഷിക്കാനും പാക്കേജുകൾ പ്രഖ്യാപിച്ചതും രാഷ്ട്രീയ വികസന സംസ്കാരം രൂപപ്പെടുത്താനായതും സ്വാഗതാർഹമാണ്.

ശ്രീ. സി. സി. മുകുന്ദൻ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കോവിഡ്-19-ന്റെ രണ്ടാം തരംഗത്തെ ഫലപ്രദമായി ചെറുക്കാനുള്ള നടപടികളും കോവിഡ് വാക്സിൻ സൗജന്യമായി നൽകാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള വായ്പാ പദ്ധതികളിന്മേലുള്ള ജാമ്യവ്യവസ്ഥകൾക്ക് ഇളവുകൾ നൽകണം. ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ 20,000 കോടി രൂപയും ഓൺലൈൻ അദ്ധ്യയന സംവിധാനത്തിന് 10 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയതും അഭിനന്ദനാർഹമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൺ പഠനത്തിനാവശ്യമായ സംവിധാനമേർപ്പെടുത്തണം. ഓൺലൈൻ ക്ലാസിന് ഇന്റർനെറ്റ് സൗകര്യം ലഭ്യമാകുന്നില്ലെന്ന പരാതി പരിഹരിക്കപ്പെടണം. കോവിഡ് മഹാമാരിമൂലം മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. ടൂറിസം-കാർഷിക മേഖലകളെ

അഭിവൃദ്ധിപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ശ്രീമതി ദെലീമ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുന്ന ബഡ്ജറ്റാണിത്. സമയോചിതമായ ഇടപെടലിലൂടെ പകർച്ചവ്യാധികളെയും പ്രകൃതിദുരന്തങ്ങളെയും അതിജീവിക്കാൻ സർക്കാരിന് കഴിഞ്ഞു. ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്. പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തിയതും ലൈഫ് പദ്ധതി മുഖേന വീടുകൾ നിർമ്മിച്ചുനൽകിയതും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്നതും സർക്കാരിന്റെ സാമൂഹ്യപ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. കോവിഡ് മഹാമാരിമൂലം പ്രതിസന്ധിയിലായ കലാകാരന്മാരെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളാവിഷ്കരിക്കണം.

ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. സംസ്ഥാന താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിൽ പരാമർശിച്ചിട്ടില്ല. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനും ജൂനിയർ ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുന്നതിനും ചേളാരി ഹയർ സെക്കണ്ടറി

സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ കടൽഭിത്തിയും കോഴിക്കോട് സർവ്വകലാശാല ക്യാമ്പസ്സിൽ സ്പോർട്സ് ഹബ്ബും നിർമ്മിക്കുന്നതിനും ജലനിധി പദ്ധതിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ച റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും മുൻകയ്യെടുക്കണം.

ശ്രീ. വി. ജോയി: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. വർക്കല ക്ലിഫ് സംരക്ഷിക്കുന്നതിനും കടലും കായലും സന്ധിക്കുന്ന കാപ്പിൽ പ്രദേശത്ത് ആംഫിബിയസ് വെഹിക്കിൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. ശിവഗിരി മഠത്തിലെ അന്താരാഷ്ട്ര കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ തുകയും മത്സ്യമേഖലയ്ക്ക് പ്രത്യേക പാക്കേജും അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. ടി. ജെ. വിനോദ്: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത ബഡ്ജറ്റാണിത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്വകാര്യ ആശുപത്രികളിലെ 25 ശതമാനം കിടക്കകൾ കോവിഡ് രോഗികൾക്ക് മാറ്റിവയ്ക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാനോ KASP-ന്റെ ആനുകൂല്യം പ്രയോജനപ്പെടുത്താനോ സാധിച്ചിട്ടില്ല. വിദ്യാർത്ഥികൾക്കെല്ലാം ഓൺലൈൻ പഠനസൗകര്യം ഉറപ്പാക്കാൻ നടപടി

സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രതിസന്ധികൾക്കിടയിലും ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ച് കുടിശ്ശികയില്ലാതെ വിതരണം ചെയ്യുതും വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ചവച്ചതുമുൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ പ്രതിഫലനമാണ് തുടർഭരണം. കഴിഞ്ഞ ബഡ്ജറ്റിലുള്ളതിന് പുറമെ 2,800 കോടി രൂപയാണ് ആരോഗ്യ മേഖലയ്ക്കായി വകയിരുത്തിയിട്ടുള്ളത്. സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും അർഹമായ കേന്ദ്രവിഹിതം ലഭിക്കാത്തത് പ്രതിഷേധാർഹമാണ്. വാക്സിൻ സീറോ റേറ്റിംഗ് ആക്കണമെന്നും കോവിഡുമായി ബന്ധപ്പെട്ട മരുന്നുകളുടെ ടാക്സ് കുറയ്ക്കണമെന്നും ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചത് പ്രതിഷേധാർഹമാണ്. മോട്ടോർ വാഹനത്തൊഴിലാളികൾക്കും ചെറുകിട വ്യാപാരികൾക്കും കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുകയും കലാ-സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുകയും ചെയ്യും. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ തുടരും. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വാക്സിൻ ചലഞ്ചുമായി ബന്ധപ്പെട്ട് ദുരിതാശ്വാസനിധിയിൽ ലഭിച്ച തുക കോവിഡ് പ്രതിരോധമുൾപ്പെടെയുള്ള പൊതു ആവശ്യങ്ങൾക്ക് ചെലവാക്കുന്നതാണ്.

ഭേദഗതികൾ നിരാകരിച്ചു.

വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയം 35-നെതിരെ 90 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ഡോ. മാത്യു കുഴൽനാടൻ എന്നിവർ ഉന്നയിച്ച ക്രമപ്രശ്നത്തിനുള്ള മറുപടി

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനകാര്യ ബില്ലിന്റെ ഡിക്ലറേഷനിൽ 8-ാം വകുപ്പ്, സർക്കാർ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ പ്രാബല്യത്തിൽ വരുമെന്ന് കാണിച്ചിരിക്കുന്നത് 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ട് സെക്ഷൻ 3-ന് വിരുദ്ധമാണെന്ന ക്രമപ്രശ്നത്തിന്മേൽ ഖണ്ഡം 8 ഒഴികെയുള്ള ബില്ലിലെ വ്യവസ്ഥകൾക്കാണ് 1985-ലെ ആക്ട് പ്രകാരം പ്രാബല്യം നൽകിയിട്ടുള്ളത്. ബില്ലിന്റെ ഒന്നാം ഖണ്ഡത്തിൽ പ്രാബല്യ തീയതി സംബന്ധിച്ചും 8-ാം ഖണ്ഡത്തിൽ സർക്കാർ വിജ്ഞാപനം വഴി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതലും പ്രാബല്യമുണ്ടാകുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ബില്ലിലെ പ്രാരംഭ തീയതി

സംബന്ധിച്ച ആക്ടിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമല്ല.

കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ 3-ാം വകുപ്പ് പ്രകാരമുള്ള ഡിക്ലറേഷനിലുൾപ്പെടുത്തിയ 14-ാം നിയമസഭയിൽ അവതരിപ്പിച്ച 2021-ലെ ധനകാര്യ ബില്ലിന് സെപ്റ്റംബർ 30-ാം തീയതി വരെ പ്രാബല്യമുണ്ടെന്നും പുതിയ ബിൽ ആവശ്യമില്ലെന്നുമുള്ള ക്രമപ്രശ്നത്തിന്മേൽ 2021 ജനുവരിയിൽ അവതരിപ്പിച്ച കേരള ധനകാര്യ ബിൽ കേരള നിയമസഭ ഡിസോൾവ് ചെയ്ത തീയതിക്കുശേഷം പ്രാബല്യമില്ലാതായതിനാൽ ബിൽ ലാപ്സായ ദിവസം മുതൽ പുതുക്കിയ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്ന ദിവസം വരെയുള്ള നടപടികൾ സാധൂകരിക്കുന്നതിനും നിയമസാധുത നൽകുന്നതിനുമായി ഔദ്യോഗിക ഭേദഗതിയായി വാലിഡേഷൻ ക്ലോസ് കൊണ്ടുവന്ന് സാധൂകരിക്കുന്നതാണ്.

പൊതു ആംനസ്റ്റി സ്കീമിൽ ഓപ്ഷൻ സമർപ്പിക്കാനുള്ള അവസാന തീയതി 2021 നവംബർ 30-ആയും കുടിശ്ശിക ടേൺ ഓവർ ടാക്സ് ഒടുക്കുന്നതിനുള്ള ഓപ്ഷൻ ഫയൽ ചെയ്യുന്ന തീയതി സെപ്റ്റംബർ 30-ആയും നികുതി ഒടുക്കുന്നതിനുള്ള തീയതി ഒക്ടോബർ 31-ആയും നീട്ടുന്നതാണ്. ഓട്ടോറിക്ഷ/ടാക്സി ഉൾപ്പെടെയുള്ള സ്റ്റേറ്റ് കോൺട്രാക്ട് ക്യാര്യേജുകൾക്ക് ഒന്നാം ക്വാർട്ടർ നികുതി അടയ്ക്കാനുള്ള കാലാവധി ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുന്നതാണ്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: 2021 ജനവരി 21-ാം തീയതി സഭയിൽ അവതിരിപ്പിച്ച ധനകാര്യ ബില്ലുകൾ 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ ഡിക്ലറേഷനോടുകൂടിയാണ് അവതരിപ്പിച്ചതെങ്കിലും പതിനാലാം കേരള നിയമസഭ പിരിച്ചുവിട്ടതോടുകൂടി ബിൽ ലാപ്സാവുകയും അന്നുമുതൽ ബില്ലിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നഷ്ടമാവുകയും ചെയ്ത സാഹചര്യത്തിലാണ് പുതിയ ധനകാര്യ ബില്ലുകൾ അവതരിപ്പിക്കേണ്ടിവന്നത്. പഴയ ബില്ലുകൾ ലാപ്സായതിനും പുതിയ ബില്ലിലെ വ്യവസ്ഥകൾ നിലവിൽ വരുന്നതിനും ഇടയിൽ വരുന്ന കാലഘട്ടത്തിൽ നടത്തുന്ന ടാക്സ് കളക്ഷൻ നടപടികളുൾപ്പെടെയുള്ള വ്യവസ്ഥകൾക്ക് പുതിയ ബില്ലിൽ വാലിഡേഷൻ ക്ലെയിം ഉൾപ്പെടുത്തി അപ്രകാരമുള്ള അപകാതകൾ പരിഹരിക്കാവുന്നതാണ്; അതാണ് പൊതുവെ സ്വീകരിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിൽ സഭയിൽ സമർപ്പിക്കുന്ന ബില്ലുകളുടെ വ്യവസ്ഥകൾക്ക് തൊട്ടടുത്തുവരുന്ന ഏപ്രിൽ മാസം 1-ാം

തീയതി മുതലോ ബിൽ അവതരിപ്പിക്കുന്ന തീയതി മുതലോ 180 ദിവസം പ്രാബല്യമുണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽപ്പോലും അവതരിപ്പിക്കുന്ന ബില്ലിൽ പ്രത്യേകമായി പ്രാബല്യം നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ അപ്രകാരം പരാമർശിച്ചിരിക്കുന്ന തീയതികളിലാണ് അവ നിലവിൽ വരുന്നതെന്ന് ഡിക്ലറേഷൻ പ്രസ്താവിക്കുന്നതാണ് സഭയിലെ കീഴ്‌വഴക്കം. അതിൽ അപാകമൊന്നും കാണുന്നില്ല. ബില്ലിന്റെ ഖണ്ഡം 8-ന്റെ പ്രാബല്യം സംബന്ധിച്ച പരാമർശം ഡിക്ലറേഷനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ബിൽ ക്രമപ്രകാരമാണെന്നും ബില്ലിന്റെ അവതരണത്തിൽ യാതൊരുവിധ ക്രമരാഹിത്യവും ഉണ്ടായിട്ടില്ലെന്നും അറിയിക്കുന്നു. ആയതിനാൽ ശ്രീ. മാത്യു കുഴൽനാടൻ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## VII. നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണം

(i) 2021- ലെ കേരള ധനകാര്യ ബിൽ

(ii) 2021- ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനകാര്യ ബില്ലും 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും.

2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതിരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കോന്നി ആനക്കൂട് - അടവിയെ ടൂറിസം സർക്യൂട്ടിലുൾപ്പെടുത്തിയ നടപടിയെ സ്വാഗതം ചെയ്യുന്നു.

ശ്രീ. പി. ഉബൈദുള്ള: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. അടിസ്ഥാന വിഭവ സ്രോതസ്സ് കണ്ടെത്താതെയാണ് രണ്ടാം കോവിഡ് പാക്കേജിനായി 20,000

കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന നികുതിയിൽ കുറവ് വരുത്താതെ ജനങ്ങളെ ചൂഷണം ചെയ്യുന്ന നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി ഓൺലൈൻ പഠനസൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. കാരുണ്യ ബെനവലന്റ് ഫണ്ട് പുന:സ്ഥാപിക്കുന്നതിന് തയ്യാറാകണം. മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിന് പദ്ധതി തയ്യാറാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്.

ശ്രീ. പി. ബാലചന്ദ്രൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ആരോഗ്യം, സാമൂഹ്യ സുരക്ഷ, വികസനം എന്നീ മേഖലകളിൽ കേരളം ലോകത്തിന് മാതൃകയാണ്. കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും പരിസ്ഥിതി സൗഹൃദ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. വികസന സ്തംഭനം ഒഴിവാക്കാനുള്ള ഇടപെടൽ ഉണ്ടാകണം. 50 കോടി രൂപ അനുവദിച്ച് പരിചയസമ്പന്നരായ ജീവനക്കാരെ നിലനിർത്തി വെള്ളൂർ എച്ച്.എൻ.എൽ. പ്രവർത്തിപ്പിക്കുന്നതിന് നടപടിയെടുക്കണം. കാലി/കോഴി

തീറ്റകൾക്ക് സബ്സിഡി നൽകി ടി മേഖലയിലെ കർഷകരെ സംരക്ഷിക്കണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലുമുള്ള ജനവിഭാഗങ്ങളെയും സംരക്ഷിക്കുന്നതിനുള്ള പദ്ധതികളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കോവിഡ് വാക്സിനേഷനുള്ള മാനദണ്ഡങ്ങൾ ഏകീകരിക്കുകയും സുതാര്യത ഉറപ്പാക്കുകയും വേണം. അഞ്ച് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള അമ്മമാരെ വാക്സിനേഷൻ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണം. കോവിഡ് പ്രതിസന്ധികാരണം ദുരിതത്തിലായ അഭിഭാഷകരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിന് പാക്കേജ് പ്രഖ്യാപിക്കണം. മൈക്രോ ഫിനാൻസുമായി ബന്ധപ്പെട്ട പിരിവുകൾ കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ നിർത്തിവയ്ക്കാൻ നടപടിയെടുക്കണം.

ശ്രീ. കെ. പി. മോഹനൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വിദ്യാഭ്യാസം, പൊതുമരാമത്ത്, കൃഷി, ആരോഗ്യം തുടങ്ങിയ മേഖലകളിൽ മുന്നേറ്റം തുടരാനും പദ്ധതികൾ പൂർത്തീകരിക്കാനും സാധിക്കണം. കാർഷിക മേഖലയെ തൊഴിലധിഷ്ഠിതമാക്കി മാറ്റാനും യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും തയ്യാറാകണം. കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റാനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തണം. വിദ്യാർത്ഥികൾക്ക് ഓൺലൈൻ

വിദ്യാഭ്യാസത്തിനാവശ്യമായ സംവിധാനമേർപ്പെടുത്തണം.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പകർച്ചവ്യാധി നിവാരണ ഗവേഷണ കേന്ദ്രം തുറക്കാനുള്ള തീരുമാനവും ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ കോവിഡ് പാക്കേജ് പ്രഖ്യാപിച്ചതും തീരസംരക്ഷണത്തിനും തീരദേശഹൈവേയ്ക്കും അനുബന്ധപ്രവൃത്തികൾക്കും പദ്ധതികൾ പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്.

<u>ശ്രീ. സനീഷ് കുമാർ ജോസഫ്</u>: ധനവിനിയോഗബില്ലിനെ എതിർക്കുന്നു. തൃശ്ശൂർ ജില്ലയെ പൂർണ്ണമായി അവഗണിച്ച ബഡ്ജറ്റാണിത്. പ്രളയാനന്തര പുനർനിർമ്മിതിക്ക് ലോകബാങ്കിൽ നിന്നും ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് വ്യക്തത വരുത്തണം. നെല്ലിതര കാർഷിക വിളകൾ സംഭരിക്കാൻ കൃത്യമായ സംവിധാനമേർപ്പെടുത്തുകയും നെല്ല് സംഭരണം കാര്യക്ഷമമാക്കുകയും വേണം. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിലുൾപ്പെടുത്താത്തത് ഖേദകരമാണ്.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): കോവിഡ് പ്രതിരോധത്തിനായി നീക്കിവച്ചശേഷം ആസ്തി വികസന ഫണ്ടിൽ ബാക്കിയുള്ള തുക നിലവിലുള്ള മാനദണ്ഡമനുസരിച്ച് വിനിയോഗിക്കാൻ അനുമതി നൽകുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കും. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡുമായി ബന്ധപ്പെട്ട കേസുകളിൽ അന്തിമ വിധി വരുന്ന മുറയ്ക്ക് സർക്കാർ കമ്പനി ഏറ്റെടുക്കുന്നതാണ്. ഗ്രാമീണ തൊഴിലുറപ്പ്/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതാണ്. കിഫ്ബി മുഖേന 17000 കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിക്കുകയും 12000 കോടി രൂപയുടെ ബിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ഉം 3-ഉം വകുപ്പുകളും പട്ടികയും പീഠികയും പേരും</u>

(ഭേദഗതിയില്ല.)

2-ഉം 3-ഉം വകുപ്പുകളും പട്ടികയും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ സഭ പാസ്സാക്കി.

അവകാശലംഘന പ്രശ്നം

മി. സ്പീക്കർ: 2021 ജൂൺ 1-ന് കടമ്പ്രയാർ നദിയുടെ മലിനീകരണം സംബന്ധിച്ച ശ്രദ്ധക്ഷണിക്കലുമായി ബന്ധപ്പെട്ട് ബെന്നി ജോസഫ് എന്നയാൾ യൂട്യൂബ് ചാനലിലൂടെ ആക്ഷേപിച്ച നടപടി സാമാജികരുടെ വിശേഷാധികാരത്തെ നിഷേധിക്കുന്നതും ജനമധ്യത്തിൽ മോശക്കാരനാക്കാനുള്ള ശ്രമവുമായതിനാൽ അദ്ദേഹത്തിനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ടി. തോമസ് നൽകിയ നോട്ടീസ് പരിഗണനയിലാണ്.

**പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തി.

തുടർന്ന് ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി ജൂൺ 16 മുതൽ സബ്ജക്ട് കമ്മിറ്റികൾ യോഗം ചേർന്ന് ജൂലൈ 5-നുമുമ്പ് സൂക്ഷ്മ പരിശോധനാ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണെന്നും പ്രസ്തുത കാലയളവിനുള്ളിൽ K-LAMPS-ന്റെ ആഭിമുഖ്യത്തിൽ അംഗങ്ങൾക്ക് പരിശീലന പരിപാടി സംഘടിപ്പിക്കുന്നതാണെന്നും അറിയിക്കുകയും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനവുമായി സഹകരിച്ച ബഹുമാന്യരായ മന്ത്രിമാർക്കും അംഗങ്ങൾക്കും മാധ്യമ പ്രവർത്തകർക്കും വിവിധ വകുപ്പുകളിലെ ജീവനക്കാർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

(സഭ ദേശീയഗാനാലാപനത്തോടെ വൈകുന്നേരം 6.23-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

* * * * * * * * * *